**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **30-06-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആര്യംപാടം കുരങ്ങുകുന്ന് കോളനിയിലും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ആമയൂര് ചക്കിങ്ങൽകണ്ടി കോളനിയിലും പാണ്ടിക്കാട് പഞ്ചായത്തിലെ ഏഴാച്ചേരി കോളനിയിലും നടന്നുവരുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന അറിയിക്കാമോ; | (എ) | **ആര്യംപാടം കുറുങ്കാട്ട്കുന്ന് കോളനി**യിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ 98 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളിൽ ബാലൻസ് വന്ന തുകയ്ക്ക് ഉൾപ്പെടുത്തേണ്ട അഡീഷണൽ വർക്കുകൾ 21.06.2022 തീയതിയിൽ നടന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. അത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമ്മിതി കേന്ദ്രം 30.06.2022 - നു ഉള്ളിൽ ലഭ്യമാക്കുന്നതിനു നിർദേശം നൽകിയിട്ടുണ്ട്<br><br>**ആമയൂർ ചക്കിങ്ങൽകണ്ടി കോളനി**യിൽ (തൃക്കലങ്ങോട് പഞ്ചായത്ത്) കുടിവെള്ള പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. 31.07.2022 നു ഉള്ളിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട് .<br><br>**ഏറാഞ്ചേരി കോളനി**യിലെ (പാണ്ടിക്കാട് പഞ്ചായത്ത്) കുടിവെള്ള പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാലൻസ് വന്ന പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു കോടി രൂപ വീതം അനുവദിച്ച മഞ്ചേരിനഗരസഭയിലെ പാക്കരത്ത് കോളനിയിലെയും പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ആനക്കോട് കോളനിയിലെയും പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ? | (ബി) | പ്രസ്തുത കോളനികളിലെ പ്രാഥമിക യോഗം കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന-തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ